# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2326 — 23.01.2014–ലെ മറുപടിക്ക്

## സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിന് നടപടി

| | ചോദ്യം<br>ശ്രീമതി. കെ.എസ്. സലീഖ | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
|---|---|---|
| (എ) | സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയൊ, സാമ്പത്തിക ഞെരുക്കമോ ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ സാമ്പത്തികനില മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിലെ താത്ക്കാലിക കണക്കുകൾ പ്രകാരം ബജറ്റിൽ വിഭാവനം ചെയ്ത തരത്തിൽ റവന്യൂ വരുമാനം വർദ്ധിക്കാതിരിക്കുകയും റവന്യൂ ചെലവുകൾ വർദ്ധിക്കുകയും ചെയ്ത സാഹചര്യത്തിൽ അധിക വിഭവ സമാഹരണമുണ്ടായില്ലെങ്കിൽ സാമ്പത്തിക ഞെരുക്കം ഉണ്ടാകാനുള്ള സാദ്ധ്യത ഉണ്ടെന്ന് ധനവകുപ്പ് വിലയിരുത്തിയിട്ടുണ്ട്. സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ പുതിയ നികുതി-നികുതിയേതര നിർദ്ദേശങ്ങളോടൊപ്പം തന്നെ ചെലവ് ചുരുക്കലിനുള്ള കർശന നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ അംഗീകാരമില്ലാതെ പുതിയ തസ്തികകൾ സൃഷ്ടിക്കരുത്, രജിസ്ട്രേഷൻ വകുപ്പ് അടിയന്തിരമായി ഇ-സ്റ്റാമ്പിംഗ് സൗകര്യം ആരംഭിക്കേണ്ടതാണ്, അധിക വിഭവ സമാഹരണത്തിനായി വിവിധ വകുപ്പുകളുടെ പക്കൽ തീരുമാനമാകാതെ ശേഷിക്കുന്ന ശുപാർശകൾ അടിയന്തിരമായി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുക, റവന്യൂ കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി വിവിധ വകുപ്പുകൾ ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്, വിവിധ നിർമ്മാണ പ്രവൃത്തിക്കുള്ള ഭരണാനുമതി ബഡ്ജറ്റിലെ ബന്ധപ്പെട്ട ശീർഷകങ്ങളിൽ ലഭ്യമായ തുകയുടെ പരമാവധി 150% വരെ മാത്രമേ നൽകാവൂ തുടങ്ങിയ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്. കൂടാതെ നോൺ പ്ലാൻ ചെലവുകൾ ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ തന്നെ നിർത്തേണ്ടതാണ്, അംഗീകരിക്കപ്പെട്ടതും മുൻകൂട്ടി ഏറ്റെടുത്തിട്ടുള്ളതുമല്ലാത്ത വിദേശയാത്രകൾ അനുവദിക്കുന്നതല്ല, വകുപ്പുകളിൽ പുതുതായി വാഹനങ്ങൾ വാങ്ങുന്നതിനു പകരമായി വാഹനം വാടകയ്ക്ക് മാത്രമേ എടുക്കാവൂ, പുതുതായി ആരംഭിക്കുന്ന ഓഫീസുകളിൽ വാടകയ്ക്ക് മാത്രമേ വാഹനം അനുവദിക്കാവൂ തുടങ്ങിയ നിർദ്ദേശങ്ങളും 05.08.2013 ലെ 382/2013/ധന, 11.10.2013 ലെ 515/2013/ധന നമ്പർ ഉത്തരവുകൾ പ്രകാരം നൽകിയിട്ടുണ്ട്. |
| (ബി) | നിലവിലെ സർക്കാരിന്റെ ട്രഷറി ബാലൻസ് എത്ര; വിശദാംശം വ്യക്തമാക്കുമോ ; | റിസർവ് ബാങ്കിന്റെ കണക്കുകൾ പ്രകാരം 21.01.2014 ൽ സംസ്ഥാനത്തിന് ട്രഷറി ബില്ലുകളിലായി 1338.88 കോടി രൂപയുടെ നിക്ഷേപം ഉണ്ട്. |

| | | |
|---|---|---|
| (സി) | 2013–14 ലെ ബജറ്റ് വിഹിതത്തെക്കാൾ നാളിതുവരെ അധികം തുക ചെലവഴിച്ച വകുപ്പ് ഏതെന്നും എത്ര തുകയുടെ അധിക വിഹിതമാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ ; | അക്കൗണ്ടന്റ് ജനറലിന്റെ 2013 നവംബർ 30 വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരം വിവിധ വകുപ്പുകൾക്കായുള്ള ചെലവ് ഉൾക്കൊള്ളിച്ചിട്ടുള്ള ധനാഭ്യർത്ഥനകളിൽ ഒന്നിലും തന്നെ അനുവദിക്കപ്പെട്ട ബജറ്റ് വിഹിതത്തേക്കാൾ അധിക ചെലവ് ഉണ്ടായിട്ടില്ല. |
| (ഡി) | വരുമാന വർദ്ധനവിനായി സംസ്ഥാനത്തെ ഓരോ വകുപ്പുകൾക്കും നൽകിയ നിർദ്ദേശങ്ങൾ ഏന്തെല്ലാം ; ഏതെല്ലാം വകുപ്പുകൾ ഫലപ്രദമായി പ്രവർത്തിച്ചുവെന്നും ഏതെല്ലാം വകുപ്പുകൾ ഇതിൽ വീഴ്ച വരുത്തിയെന്നും വ്യക്തമാക്കാമോ; | നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി റവന്യൂ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഊർജ്ജിത നികുതി പിരിവ് യജ്ഞം നടത്താനും, നികുതി-നികുതിയേതര ഇനങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേ ഉത്തരവുകളും പിൻവലിക്കാനും അത്തരം ഉപാധിരഹിത സ്റ്റേ ഉത്തരവുകൾ ഭാവിയിൽ പുറപ്പെടുവിക്കാതിരിക്കാനും 11.10.2013 ലെ സ.ഉ. (പി) നം. 515/2013/ധന പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. നികുതി പിരിവ് സംബന്ധമായി വിവിധ കോടതികൾ പുറപ്പെടുവിച്ചിട്ടുള്ള സ്റ്റേ ഉത്തരവുകൾ പിൻവലിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ് സെക്രട്ടറി, ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറി, റവന്യൂ സെക്രട്ടറി, വനം വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായുള്ള ഒരു സമിതി രൂപീകരിക്കുകയും വിവിധ പ്രൊപ്പോസലുകൾ പരിശോധിച്ച് ശുപാർശ സമർപ്പിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഈ നടപടികളുടെ ഫലം അറിവായി വരുന്നതേയുള്ളൂ. |
| (ഇ) | 2013–14 സാമ്പത്തിക വർഷം നാളിതുവരെ ധനവകുപ്പിന്റെ അനുമതിയോടെ വിവിധ വകുപ്പുകളിലായി എത്ര തസ്തികകൾ സൃഷ്ടിച്ചു ; അനുമതിയില്ലാതെ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചു ; വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ ; | പ്രാഥമിക കണക്കുകൾ പ്രകാരം 2013–14 സാമ്പത്തിക വർഷം നാളിതുവരെ ധനവകുപ്പിന്റെ അനുമതിയോടെ വിവിധ വകുപ്പുകളിലായി ഏകദേശം 2278 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. വകുപ്പുതിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.<br>ധനകാര്യ വകുപ്പിന്റെ അനുമതിയില്ലാതെ ആരോഗ്യവകുപ്പിൽ 42 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (എഫ്) | സംസ്ഥാനത്ത് എത്ര താത്ക്കാലിക തസ്തികകൾ നിലവിലുണ്ട് ; ഇവരെ സ്ഥിരപ്പെടുത്തുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; വിശദാംശം ലഭ്യമാക്കുമോ ; | സംസ്ഥാനത്ത് ഏകദേശം 30500 താത്ക്കാലിക തസ്തികകൾ തുടർച്ചാനുമതിയുടെ അടിസ്ഥാനത്തിൽ നിലവിലുള്ളതായി കണക്കാക്കുന്നു. ഈ തസ്തികകൾ തുടരേണ്ടതുണ്ടോ എന്ന് പരിശോധിക്കുന്നതിന് ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറി ചെയർമാനായി ഒരു കമ്മറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഇതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (ജി) | സർവ്വീസിൽ നിന്നും പെൻഷൻ പറ്റിയ എത്ര പേർക്ക് വിവിധ സ്ഥലങ്ങളിൽ നിയമനം നൽകിയിട്ടുണ്ട് ; ആയത് ഏതെല്ലാം തസ്തികകളിലാണെന്നും ഇവർക്കായി പ്രതിമാസം ശമ്പളയിനത്തിൽ ചെലവഴിക്കുന്ന തുക എത്രയാണെന്നും വ്യക്തമാക്കുമോ ? | പെൻഷൻ പറ്റിയവരുടെ പുനർനിയമനം, ശമ്പളം തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**2013–14 സാമ്പത്തിക വർഷം നാളിതുവരെ ധനവകുപ്പിന്റെ അനുമതിയോടെ വിവിധ വകുപ്പുകളിലായി സൃഷ്ടിച്ച തസ്തികകളുടെ വിശദാംശം**

| ക്രമ നം. | വകുപ്പ് | തസ്തികകളുടെ എണ്ണം |
|---|---|---|
| 1. | ഉന്നത വിദ്യാഭ്യാസ വകുപ്പ് | 111 |
| 2. | പൊതുവിദ്യാഭ്യാസ വകുപ്പ് | 1130 |
| 3. | ആരോഗ്യ വകുപ്പ് | 879 |
| 4. | തൊഴിൽ വകുപ്പിൽ | 105 |
| 5. | നികുതി വകുപ്പ് | 3 |
| 6. | ജലവിഭവവകുപ്പ് | 1 |
| 7. | ആഭ്യന്തരവകുപ്പ് | 8 |
| 8. | പി.ഡബ്ളിയു വകുപ്പ് | 2 |
| 9. | വ്യവസായ വകുപ്പ് | 1 |
| 10. | കൃഷി വകുപ്പ് | 23 |
| 11. | തദ്ദേശ സ്വയംഭരണം. | 2 |
| 12. | റവന്യൂ. | 2 |
| 13. | ധനകാര്യവകുപ്പ് | 11 |
| ആകെ | | 2278 |